(ബി) എന്നാണ് എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചു നൽകിയത്;

(സി) വർഷങ്ങളായി ശമ്പളപരിഷ്കരണം ലഭിച്ചിട്ടില്ല എന്നതു കണക്കിലെടുത്ത് എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച നിർദ്ദേശം മന്ത്രിസഭാ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 11-5-2007-ലെ സ.ഉ.(എംഎസ്.) നമ്പർ 61/07/വ്യവ പ്രകാരമാണ് എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളം, ഉത്തരവുതീയതി മുതൽ 5 വർഷത്തേയ്ക്ക് പരിഷ്കരിച്ച് നൽകിയത്.

(സി) എസ്.ഐ.എഫ്.എൽ.-ലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളം അടിയന്തരമായി പരിഷ്കരിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

206 (573) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾ നിലവിൽ നഷ്ടത്തിലായിട്ടുണ്ട് ; ആയതിന്റെ പേരുവിവരങ്ങൾ പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 30 പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. വിശദാംശം അനുബന്ധം I ആയി* ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച 23 പൊതുമേഖലാ സ്ഥാപനങ്ങളിൽ 11 സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിലാണ് പ്രവർത്തിച്ചത്. ആയതിന്റെ പേരുവിവരം അനുബന്ധം ആയി ചേർക്കുന്നു.*

## വ്യവസായ സ്ഥാപനങ്ങളും ഭൂമിയും

207 (574) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര ഭൂമിയാണുള്ളത് ; ഇതിൽ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതും ഇല്ലാത്തതുമായ ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ ;

(സി) കിൻഫ്രയുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ എത്ര ഭൂമി ഉണ്ട് ; ഇത് ആർക്കെല്ലാം, എത്ര കാലത്തേക്ക്, എത്ര വീതം ഭൂമി നൽകിയിട്ടുണ്ടെന്ന കണക്ക് വ്യക്തമാക്കാമോ ; ലീസിന് ഭൂമി ഏറ്റെടുത്തവർ ഇനിയും വ്യവസായങ്ങൾ തുടങ്ങാൻ ബാക്കിയുണ്ടോ ; എങ്കിൽ പ്രസ്തുത കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ. ഡി.സി.യുടെ ധനസഹായത്തോടെ ആരംഭിച്ചിട്ടുള്ള യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതും ഇല്ലാത്തതുമായ ഭൂമിയുടെ കണക്ക് ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.